കാർഷികയന്ത്രസേവനം

# സഞ്ചരിക്കും സേന സജ്ജം

Deshabhimani-31/07/2018-P-03



മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ നടക്കുന്ന കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണി പരിശീലനം

സി എ പ്രേമചന്ദ്രൻ

**■ കേടായ മുഴുവൻ കാർഷിക യന്ത്രങ്ങളും പ്രവർത്തനക്ഷമമാക്കാനുള്ള യജ്ഞത്തിന് ചിങ്ങത്തിൽ തുടക്കമാകും**

**തൃശൂർ**

കാർഷികയന്ത്രങ്ങളുടെ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനസജ്ജമാക്കാൻ പരിരക്ഷണ യജ്ഞം. യന്ത്രങ്ങളുടെ തകരാറുകൾ കണ്ടെത്തി ഇവർ പരിഹരിക്കും. സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ ആഭിമുഖ്യത്തിലാണ് ചിങ്ങത്തിൽ യജ്ഞത്തിന് തുടക്കം കുറിക്കുന്നത്. അടുത്ത കാർഷിക സീസണിനുമുന്നോടിയായി കാർഷികയന്ത്രങ്ങളും നൈപുണ്യമുള്ള തൊഴിലാളികളേയും സജ്ജമാക്കും.

കൃഷിവകുപ്പിന്റെ കീഴിലുള്ള യന്ത്രങ്ങളും കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്ത സ്വകാര്യ യന്ത്രങ്ങളും പ്രവർത്തന സജ്ജമാക്കും. സ്വകാര്യയന്ത്രങ്ങളാണെങ്കിൽ സ്പെയർപാർട്സുകളുടെ വില നൽകണം. ഇതിന്റെ രജിസ്ട്രേഷൻ കൃഷിഭവൻവഴി ആരംഭിച്ചു.

മൊബൈൽ യൂണിറ്റുകളിലായാണ് ദൗത്യസേന എത്തുക. കൂടുതൽ വിദഗ്ധ ജോലികളാണ് വേണ്ടതെങ്കിൽ മണ്ണുത്തി കാർഷിക ഗവേഷണകേന്ദ്രം വർക്ക്ഷോപ്പിലോ അഗ്രോ എൻജിനിയറിങ് സർവീസ് സെന്ററുകളിലോ എത്തിക്കും. ആദ്യഘട്ടത്തിൽ ടില്ലറും തുടർന്ന് കൊയ്ത്ത്, മെതിയന്ത്രം ഉൾപ്പെടെയുള്ളവ നന്നാക്കും. തൃശൂർ, എറണാകുളം, മലപ്പുറം, പാലക്കാട് ജില്ലകളാണ് ആദ്യംയജ്ഞം. വിദഗ്ധരെ കൂടാതെ കൃഷിവകുപ്പിന്റെ കീഴിലുള്ള 1500 ഓളം മെക്കാനിക്കുകളുടെ സേവനവും വിനിയോഗിക്കും. കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കാനും അറ്റകുറ്റപ്പണി നടത്താനും നൈപുണ്യമുള്ള 30,000പേരെ മുന്നുവർഷത്തിനകം ഒരുക്കിയെടുക്കാനും ലക്ഷ്യമുണ്ട്. കാർഷികയന്ത്രങ്ങൾ കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കലാണ് പ്രഥമലക്ഷ്യമെന്ന് കൃഷിമന്ത്രി വി എസ് സുനിൽകുമാർ ദേശാഭിമാനിയോട് പറഞ്ഞു. യന്ത്രവൽകൃതകൃഷി രീതി വിപുലീകരിച്ച് യുവാക്കളെ ഉൾപ്പെടെ കൃഷിയിലേക്ക് ആകർഷിക്കാനും ലക്ഷ്യമിടുന്നു മന്ത്രി പറഞ്ഞു. കാർഷിക സർവകലാശാലാ വൈസ്ചാൻസലർ ഡോ. ആർ ചന്ദ്രബാബുവാണ് മിഷൻ ഡയറക്ടർ. കേരളത്തിൽ ഏതെല്ലാം യന്ത്രങ്ങളുണ്ടെന്നും ഏതെല്ലാം കേന്ദ്രത്തിൽ ലഭ്യമാണെന്നുമുള്ള വിവരം ശേഖരിക്കുന്ന സർവേ പൂർത്തിയായി വരികയാണെന്ന് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. യു ജയ്കുമാരൻ പറഞ്ഞു.